**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 213** **22-02-2022 - ൽ മറുപടിയ്ക്ക്**

**ജനപ്രതിനിധികളായി മത്സരിക്കാൻ ലീവെടുത്ത ആശാ വർക്കർമാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ജനപ്രതിനിധികളായി മത്സരിക്കാൻ ലീവെടുത്ത ആശാവർക്കർമാരെ കാലാവധിക്ക് ശേഷം പുനർ നിയമിക്കുന്നതിന് നിയമതടസ്സമുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിൽ കഴിഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ 746 ആശമാർ ജനപ്രതിനിധികളായി തെരഞ്ഞെടുത്തിട്ടുണ്ട്. ജനപ്രതിനിധികളായി മത്സരിക്കാൻ ലീവെടുത്ത ആശമാർക്ക് കാലാവധിക്ക് ശേഷം പുനർ നിയമനം നൽകുന്നതിന് നിയമതടസമില്ല. |
| (ബി) | ലീവ് ക്യാൻസൽ ചെയ്യുന്ന മുറയ്ക്ക് സർവ്വീസിൽ പുന:പ്രവേശിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിവരിക്കാമോ; | (ബി) | ദേശീയ ആരോഗ്യ ദൗത്യത്തിന്റെ 17.11.2021 തീയതിയിലെ NHM/4342/CSD/2021/SPMSU നമ്പർ സർക്കുലർ പ്രകാരം പ്രസിഡണ്ട് / സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൻ എന്നീ നിലകളിൽ തെരഞ്ഞെടുക്കപ്പെടുന്നവർ, അവർ ജനപ്രതിനിധിയായി തുടരുന്ന കാലയളവിൽ അവധിയിൽ പ്രവേശിക്കേണ്ടതാണ്. അവധി റദ്ദ് ചെയ്യുകയോ/അവസാനിക്കുകയോ ചെയ്യുന്ന മുറയ്ക്ക് ആശാവർക്കർമാർക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കാവുന്നതുമാണ്. ഇതിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിൽ ഇല്ല. |
| (സി) | ലീവെടുത്ത ആശാവർക്കർമാർക്ക് പകരം താത്കാലികമായി ആളെ നിയമിക്കുന്നതിന് വ്യവസ്ഥയുണ്ടോയെന്ന് അറിയിക്കാമോ? | (സി) | ആശ പ്രവർത്തകർ അവധിക്ക് അപേക്ഷ നൽകുമ്പോൾ വരുന്ന ഒഴിവിലേക്ക് താൽകാലികമായി പുതിയ ആശവർക്കർമാരെ നിയമിക്കാൻ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ 17.11.2021 തീയതിയിലെ NHM/4342/CSD/2021/SPMSU നമ്പർ സർക്കുലർ പ്രകാരം വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ